പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 358 — 12.01.2021 -ൽ മറുപടിക്ക്

## റേഷൻ കടകൾ വഴി നൽകിയ ഭക്ഷ്യ കിറ്റുകൾ

| ചോദ്യം<br>**ശ്രീ. യു. ആർ. പ്രദീപ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായിട്ടുള്ള ലോക്ഡൗൺ മൂലം തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി 2020 ഡിസംബർ മാസം വരെ റേഷൻകടകൾ വഴി എത്ര ലക്ഷം പലവ്യഞ്ജന കിറ്റുകളാണ് കാർഡുടമകൾക്ക് നൽകിയതെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ഏകദേശം 89 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം പൂർത്തിയായിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യാൻ തയ്യാറായിട്ടുണ്ട്. |
| (ബി) ഇതിനുള്ള തുക കണ്ടെത്തിയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണോ;<br>(സി) എങ്കിൽ ആകെ എത്ര രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചത്; വ്യക്തമാക്കാമോ? | (ബി) & (സി) കിറ്റ് വിതരണത്തിനായി നാളിതുവരെ അനുവദിച്ച തുകയിൽ 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ